# പതിനാലാം കേരള നിയമസഭ

# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4167 — 16/03/2017 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനും ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിനും നടപടി സ്വീകരിക്കുമോ; | എ) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ 9 ആശുപത്രികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ആശുപത്രികളുമായും 143 ഡിസ്പെൻസറികളുമായും ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 14.12.2016-ലെ സ.ഉ.(സാധാ.) നം. 1539/16/തൊഴിൽ പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ കൺവീനറായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം അതിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | ഇപ്പോൾ ഏതൊക്കെ വിഭാഗത്തിൽ ജോലിചെയ്യുന്നവർക്കാണ് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നത്; വിശദാംശം നൽകുമോ? | ബി) | സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ പരിരക്ഷ ലഭിക്കുന്നതാണ്. പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ പ്രതിമാസ വേതന പരിധി 01.01.2017 മുതൽ 21000/-രൂപയാണ്.<br>1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ<br>2. ഹോട്ടൽ/റസ്റ്റോറന്റ്<br>3. സിനിമ തീയറ്ററുകൾ |

| | | | |
|---|---|---|---|
| | | | 4. റോഡ് ഗതാഗത സ്ഥാപനങ്ങൾ<br>5. പത്ര മാധ്യമ സ്ഥാപനങ്ങൾ<br>6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ<br>7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ<br>8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ<br>കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ പരിരക്ഷ ലഭ്യമാണ്. |
| | | | |

സെക്ഷൻ ഓഫീസർ